Volume: 03, Issue: 18

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഡിസംബർ 26 ചൊവ്വ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## സമാധാന സന്ദേശം പകർന്ന് ബോൺ നത്താലെ

ഡെനിൽ കൈനിക്കൽ






ഇരിട്ടി : കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ബോൺ നത്താലെ എന്ന പേരിൽ ക്രിസ്തുമസ് സന്ദേശ ജാഥ നടത്തി.

ലോകം മുഴുവൻ ആനന്ദം നൽകാൻ അവതരിച്ച ക്രിസ്തുനാഥന്റെ സ്നേഹസന്ദേശം നാടിനു പകരുക എന്ന ലക്ഷ്യത്തോടെ നടത്തിയ റാലിയിൽ 3000ത്തോളം ക്രിസ്തുമസ് പാപ്പമാർ അണിനിരന്നു.

എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ, മണിക്കടവ്, കുന്നോത്ത് എന്നീ ഫൊറോനങ്ങളുടെ നേതൃത്വത്തിലാണ് ബോൺ നത്താലെ ജാഥ നടത്തിയത്.

ഇരിട്ടി പഴയ പാലത്തിൽ നിന്ന് ആരംഭിച്ച ബോൺ നത്താലെ ക്രിസ്തുമസ് യാത്ര തലശ്ശേരി അതിരൂപത മുൻ ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് ഫ്ളാഗ് ഓഫ് ചെയ്തു.

ഇരട്ടി നഗരസഭ ഓഡിറ്റോറിയത്തിൽ എത്തിയ ശേഷം സംഗമം തലശ്ശേരി ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി ഉദ്ഘാടനം നടത്തി. പേരാവൂർ നിയോജകമണ്ഡലം എം എൽ എ സണ്ണി ജോസഫ്, ഇരിക്കൂർ നിയോജകമണ്ഡലം എം എൽ എ സജീവ് ജോസഫ്, മോൺ സെബാസ്റ്റ്യൻ പാലക്കുഴി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനോയി കുര്യൻ ഇരിട്ടി നഗരസഭ അധ്യക്ഷ കെ ശ്രീലത എന്നിവർ സംസാരിച്ചു.

സന്ദേശ റാലിയിലെ മികച്ച ഫ്ലോട്ടിനു സമ്മാനം നൽകി. നെല്ലിക്കാംപൊയിൽ ഫെറോന ഫ്ലോട്ടിനു ഒന്നാം സ്ഥാനം കരസ്ഥമാക്കി, രണ്ടാം സ്ഥാനം കുന്നോത്ത് ഫെറോനയും മൂന്നാം സ്ഥാനം പേരാവൂർ, മണിക്കടവ്, എടൂർ എന്നീ ഫെറോനകളും കരസ്ഥമാക്കി. അയ്യായിരത്തോളം കെ സി വൈ എം പ്രവർത്തകർ പരിപാടിയിൽ അണിനിരന്നു.



എ. പി. എൽ സീസൺ 2

## എ കെ ആർ കിംങ്ങ്സ് ജേതാക്കൾ

ഗീതു ബാബു



ജേതാക്കളായ എ. കെ. ആർ കിംങ്ങ്സ് മുണ്ടയാംപറമ്പ് ടീം

അങ്ങാടിക്കടവ്: വള്ളിത്തോട് മിഹിക ക്രിക്കറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന എ.പി.എൽ (അയ്യൻകുന്ന് പ്രീമിയർ ലീഗ്) ക്രിക്കറ്റ് ടൂർണമെന്റ് സീസൺ ടുവിൽ എ കെ ആർ കിംങ്ങ്സ് മുണ്ടയാംപറമ്പ് ജേതാക്കളായി.

കോളിക്കടവ് ന്യൂ ടീമിനെ 27 റൺസിനു പരാജയപ്പെടുത്തിയ എ കെ ആർ കിംങ്ങ്സ് അഡോൺ, സ്നേഹ, ജിസ്ന മെമ്മോറിയൽ എവറോളിംങ് ട്രോഫി കരസ്ഥമാക്കി. ഡോൺ ബോസ്കോ കോളേജ് ഗ്രൗണ്ടിൽ നടന്ന ടൂർണമെന്റ് കരിക്കോട്ടക്കരി എസ്. ഐ പി. ബി സജീവ് ഉദ്ഘാടനം ചെയ്തു.

ഫൈറ്റേഴ്സ് ഇലവൻ പെരിങ്കരി, എ കെ ആർ കിംങ്ങ്സ് മുണ്ടയാംപറമ്പ്, ന്യൂ ടീം കോളിക്കടവ്, മിഹിക ക്രിക്കറ്റ് ക്ലബ് വാഴയിൽ, ട്രാവൽ റൈറ്റേഴ്സ് എടൂർ, സ്ട്രൈക്കേഴ്സ് കുന്നോത്ത് എന്നീ ടീമുകൾ മാറ്റുരച്ച മത്സരത്തിൽ ഫൈനലിൽ എത്തിയ ടീമുകൾക്ക് 5500 രൂപ വീതം ക്യാഷ്പ്രൈസും ട്രോഫിയും മുഖ്യാതിഥിയായ ഡോൺ ബോസ്കോ കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് സമ്മാനിച്ചു. വിജയികൾക്ക് അഡോൺ, സ്നേഹ, ജിസ്ന മെമ്മോറിയൽ എവറോളിംങ് ട്രോഫിയും നൽകി.

'യുവജനങ്ങളിലെ കായികപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക, അവസരം ലഭിക്കാതെ പോകുന്നവരെ കണ്ടെത്തുക എന്നീ ലക്ഷ്യത്തോടെ വള്ളിത്തോട് മിഹിക ക്ലബ് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് എ. പി. എൽ ടൂർണമെന്റ്. അയ്യൻകുന്ന്, ആറളം, ഉളിക്കൽ, പായം പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഐ. പി. എൽ മാതൃകയിൽ നടത്തുന്ന ടൂർണമെന്റിൽ ക്ലബുകൾ കളിക്കാരെ ലേലം വിളിച്ചാണ് ടീമുകൾ രൂപീകരിക്കുന്നത്'. വള്ളിത്തോട് മിഹിക ക്ലബ് കോർഡിനേറ്റർ ടിസനിത്ത് പറഞ്ഞു.

## കുടനിർമാണ പരിശീലന ക്യാമ്പ് ആരംഭിച്ചു

മരിയ ജോയി

അങ്ങാടിക്കടവ്: നബാർഡിന്റെ സഹായത്തോടെ അയ്യൻകുന്ന് പഞ്ചായത്തും ജീവൻ ജ്യോതി മിഷൻ വയനാടും ചേർന്ന് നടത്തുന്ന സൗജന്യ കുട നിർമാണ പരിശീലന ക്യാമ്പ് അയ്യൻകുന്ന് പഞ്ചായത്തിലാരംഭിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും അംഗപരിമിതർക്കുമായി ഡിസംബർ 14 മുതൽ 15 ദിവസം പഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിശീലന ക്യാമ്പ് പേരാവൂർ എം. എൽ. എ അഡ്വ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

'പതിനഞ്ചു ദിവസത്തോളം നീളുന്ന പരിശീലന ക്യാമ്പിൽ മുപ്പത് പേരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ക്യാമ്പിൽ കൃത്യമായി പങ്കെടുക്കുന്നവർക്ക് നബാർഡിന്റെ സ്റ്റൈഫന്റും പരിശീലനം നേടിയതിന്റെ സർട്ടിഫിക്കറ്റും ലഭിക്കും.

പരിശീലനത്തിനു ശേഷം സ്ത്രീകൾക്കും മുതിർന്നവർക്കുമടക്കം വീടുകളിലിരുന്ന് ജോലി ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വയനാട് ജീവൻ ജ്യോതി ഡയറക്ടർ പി എം പത്രോസാണ് പരിശീലന ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്'. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബീന റോജസ് പറഞ്ഞു.

പഞ്ചായത്ത് ഹാളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വയനാട് മൂപ്പൈനാട് പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ എ കെ റഫീഖ്, പി കെ സാലിൻ എന്നിവർ പ്രത്യേക ക്ഷണിതാക്കൾ ആയിരുന്നു. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡൻറ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, വൈസ് പ്രസിഡൻറ് ബീന റോജസ്, സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ്, മെമ്പർമാരായ ഐസക് ജോസഫ്, ജോസ് എ വൺ, ബിജോയ് പ്ലാത്തോട്ടം, എൽസമ്മ ജോസഫ്, ഫിലോമിന മാണി, ലിസി തോമസ് എന്നിവർ സംസാരിച്ചു.

.




കുടനിർമാണ പരിശീലന ക്യാമ്പ് പേരാവൂർ എം. എൽ. എ അഡ്വ.സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

**അങ്ങാടിപത്രത്തിന്റെ എല്ലാ വായനക്കാർക്കും ക്രിസ്തുമസ് - പുതുവത്സരാശംസകൾ**

# എഡിറ്റോറിയൽ

## കരുണയുടെയും സമാധാനത്തിന്റെയും പുതിയൊരു തുടക്കം.

സ്നേഹത്തിന്റെയും കരുണയുടെയും കാലാതീത സന്ദേശം ഓർമിപ്പിച്ച് മറ്റൊരു ക്രിസ്തുമസ് കൂടി. പരസ്പര വിമർശനങ്ങൾ പലപ്പോഴും അക്രമങ്ങളിലേക്ക് നീളുമ്പോൾ ക്രിസ്തുമസിന്റെ സന്ദേശം പ്രസക്തമാകുന്നു. നമ്മുടെ ജീവിതം നമുക്കുവേണ്ടി മാത്രമല്ല മറ്റുള്ളവരിലേക്കും നിസ്വാർത്ഥ സ്നേഹം പകരാനുള്ളത് കൂടിയാണെന്ന് ക്രിസ്തുമസ് ഓർമപ്പെടുത്തുന്നു.

ക്രിസ്തീയ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ ക്രിസ്തുമസ് ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണ്. എന്നാൽ ഇന്ന് മിക്ക ദേശങ്ങളിലും ഒരു മതവിഭാഗത്തിന്റെ പ്രത്യേക ആഘോഷം എന്നതിനപ്പുറം ഏവർക്കും സന്തോഷം പകരുന്ന സമാധാനത്തിന്റെ ആഘോഷമായി മാറിയിട്ടുണ്ട് ക്രിസ്തുമസ്. ജാതിമതഭേദമന്യേ സമ്മാനങ്ങൾ കൈമാറാനും ബന്ധങ്ങൾ പുതുക്കാനുമുള്ള അവസരമായി ഈ ദിവസം കണക്കാക്കപ്പെടുന്നു.

ക്രിസ്തുമസ് സന്ദേശങ്ങളിൽ നന്മയുടെ എല്ലാ ഭാവങ്ങളും എടുത്തുകാണിക്കുന്നു. അപരനെ തിരിച്ചറിഞ്ഞു ആവശ്യങ്ങൾ കണ്ടെത്തി സഹായിക്കാൻ, മുൻപോട്ടുള്ള മാർഗങ്ങളിൽ വഴികാട്ടിയാവാൻ ക്രിസ്തുമസ് ആഹ്വാനം ചെയ്യുന്നു. കരുതലിന്റെയും സ്നേഹത്തിന്റെയും ഇത്തരം മുഖങ്ങൾ നമുക്ക് ചുറ്റും കാണാൻ സാധിക്കും. യുവജനങ്ങളുടെ കായികപരമായകഴിവുകൾ പ്രോത്സാഹിപ്പിക്കുക, അവസരം ലഭിക്കാതെ പോകുന്നവരെ ക ണ്ടെത്തുക എന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന എ. പി. എൽ (അയ്യൻകുന്ന് പ്രീമിയർ ലീഗ്) ക്രിക്കറ്റ് ടൂർണമെന്റ്, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗപരിമിതർക്കും മുതിർന്നവർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള കുട നിർമാണ പരിശീലന ക്യാമ്പ് തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇതിനുമകുടോദാഹരണങ്ങളാണ്.

ഇത്തരം ഉദാഹരണങ്ങൾ ഇനിയുമാവണം. സംഘടിതമായോ സ്വയം പ്രേരിതമായോ അപരനെ സഹായിക്കാൻ ഇറങ്ങി തിരിക്കുന്നിടത്തുമാത്രമേ യഥാർത്ഥ സമാധാനവും സന്തോഷവും സ്വായത്തമാകുകയുള്ളൂ. ക്രിസ്തുമസിനു ശേഷം ഒരു പുതുവർഷം സമാഗതമാകുമ്പോൾ അത്തരത്തിലുള്ള മാതൃകകൾ ഒത്തിരി ഉണ്ടാവട്ടെ. അങ്ങാടിപത്രത്തിന്റെ എല്ലാ വായനക്കാർക്കും ക്രിസ്തുമസ് - പുതുവത്സരാശംസകൾ.

- എഡിറ്റർ

# ഉണ്ണിയേട്ടന്റെ ക്രിസ്തുമസ് മധുരം

സാന്ദ്ര സ്വതന്ത്രരാജ്




ക്രിസ്തുമസ് കേക്കുണ്ടാക്കുന്ന തിരക്കിൽ ഉണ്ണിയേട്ടൻ.

ക്രിസ്തുമസ് എന്ന് കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിലേക്ക് ആദ്യം ഓടി വരുന്നത് ക്രിസ്തുമസ് കേക്കുകൾ ആണ്. കേക്കില്ലാത്ത ക്രിസ്തുമസ് ചിന്തിക്കാനേ സാധ്യമല്ല.

പന്ത്രണ്ട് വർഷത്തിലധികമായി അങ്ങാടിക്കടവുകാർക്ക് കേക്കിന്റെ രുചി പകരുന്ന ഒരാളുണ്ട്. പേര് സജേഷ്. ഈ പേര് ആർക്കും അത്ര പരിചയം ഇല്ലെങ്കിലും ഡോൺ ബോസ്കോ കോളേജിനടുത്ത ചോക്ലേറ്റ് ബേക്കറിയിലെ ഉണ്ണിയേട്ടൻ ഏവർക്കും സുപരിചിതനാണ്. അതുകൊണ്ട് തന്നെയാവാം അയ്യൻകുന്നിനും പരിസര പ്രദേശങ്ങൾക്കുമപ്പുറം വള്ളിത്തോട് മുതൽ ഇരിട്ടി വരെയും എടൂർ മുതൽ പേരാവൂർ വരെയും ഉണ്ണിയേട്ടന്റെ കേക്കിനു സ്ഥിരം ആവശ്യക്കാരുള്ളത്.

ക്രിസ്തുമസ് അനുബന്ധിച്ച് എല്ലാതരത്തിലും ഉള്ള ഫ്രഷ് ക്രീം കേക്കുകൾ, പ്ലം കേക്കുകൾ, കേരറ്റ് കേക്കുകൾ എന്നിങ്ങനെ വിൽപ്പന കേക്കുകൾ അനവധിയാണ്. ക്രിസ്തുമസ് കാലം അടുക്കുമ്പോൾ കേക്കിന് ആവശ്യക്കാർ ഏറെയാണ് ആയിരത്തിലധികം കേക്കുകൾ ഓർഡറുകൾക്കനുസരിച്ച് വിറ്റു പോകാറുണ്ട്. കൂടുതലും സ്ഥിരം വാങ്ങുന്നവരാണ്. ഇപ്പോൾ ആവശ്യക്കാർ ഏറി വരുന്നതിൽ സന്തോഷമുണ്ട്. കേക്കു പോലെ മാധുര്യമേറിയ ചിരിയിൽ ഉണ്ണിയേട്ടൻ പറയുന്നു.

നീണ്ട 10 വർഷത്തിലധികമായി അങ്ങാടിക്കടവ് പ്രവർത്തിച്ചുവരുന്ന ചോക്ലേറ്റ് ബേക്കറി തുടങ്ങുന്നതിനു മുൻപേ രണ്ട് വർഷം ആറളത്ത് പ്രവർത്തിച്ചിരുന്ന റോയൽ ബേക്കറിയിൽ ജോലി ചെയ്തിട്ടുണ്ട് ഉണ്ണിയേട്ടൻ.

കുടുംബാംഗങ്ങളായ അമ്മ കെ സാവിത്രി, ഭാര്യ പി വി ഷിബ്ന, മക്കൾ കെ അനൽതേജ്, കെ അനർവേദ് എന്നിവരുടെ പൂർണ്ണ പിന്തുണയും സ്നേഹവുമാണ് ആറളം സ്വദേശിയായ ഉണ്ണിയേട്ടന്റെ ആത്മവിശ്വാസത്തിനും കേക്കിന്റെ മാധുര്യത്തിനും വഴിതെളിയിക്കുന്നത്.

# വിരലുകൾകൊണ്ട് അദ്ഭുതം സൃഷ്ടിക്കുന്നവൻ

സാന്ദ്ര സ്വതന്ത്രരാജ്



പി പി തങ്കച്ചൻ

മുപ്പത് കൊല്ലം കഴിഞ്ഞിട്ടും തങ്കച്ചന്റെ പ്രണയത്തിന് ഒരു കുറവുമില്ല. കുട്ടിക്കാലം മുതൽ ചിത്രകലയോടുള്ള അടങ്ങാത്ത ഇഷ്ടം മെല്ലെ പ്രണയമായി വളർന്നു.

പെയിന്റിംങ്ങ് തൊഴിലിനോടൊപ്പം ചിത്രകലയിലുമുള്ള തങ്കച്ചന്റെ ഖ്യാതി ഇന്ന് വളരെ വലുതാണ്. വാണിയപ്പാറ സ്വദേശിയായ തങ്കച്ചൻ പായിതോട്ടത്തിൽ ചിത്രകലയോടുള്ള അഭിനിവേശം മൂലം ഇരിട്ടി ഗോൾഡൻ ആർട്സിൽ നിന്ന് ചിത്രകല പരിശീലിക്കുകയും ഇന്നതൊരു ഉപജീവന മാർഗമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

ചുവർ ചിത്രങ്ങൾ, തെർമോക്കോൾ ഉപയോഗിച്ചുള്ള രൂപക്കൂടുകൾ, അലങ്കാര വസ്തുക്കൾ, കരകൗശല വസ്തുക്കൾ എന്നിവയാണ് ഇദ്ധേഹത്തിന്റെ കരവിരുതിലെ പ്രധാനപ്പെട്ടവ.

അയ്യൻകുന്നിലും പരിസരങ്ങളിലും തങ്കച്ചൻ ചുവർ ചിത്രം വരയ്ച്ച വീടുകളും ദേവാലയ അൾത്താരകളും നിരവധിയാണ്. ചരൾ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിലെ പഴയ അൾത്താര, വാണിയപ്പാറ ഉണ്ണീശോ ദേവാലയത്തിലെ അൾത്താര എന്നിവ അതിൽ പ്രസിദ്ധമാണ്.

പത്താം തരം വിദ്യാർത്ഥിയായ മകൻ ജിതിൻ അച്ഛന്റെ കഴിവുകളെ സ്നേഹിച്ചു ഒരു പ്രചോദനമായി സ്വീകരിച്ചു അതേ പാത പിന്തുടരുന്നു. ഭാര്യ രാജി, മകൾ ജിസിമോൾ എന്നിവരുടെ പൂർണ പിന്തുണയും സ്നേഹവുമാണ് ചിത്രകലാ രംഗത്ത് ഇത്രയും കാലം വൈവിധ്യം പ്രകടമാക്കാൻ കഴിഞ്ഞതെന്ന് തങ്കച്ചൻ അഭിമാനത്തോടെ പറയുന്നു.

SCAN ME

# ക്രിസ്തുമസ് ആഘോഷം നടത്തി

ശ്രീക്കുട്ടി ചന്ദ്രൻ

അങ്ങാടിക്കടവ് അംഗനവാടിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി. അംഗനവാടി അധ്യാപിക കെ സിന്ധു നേതൃത്വം നൽകിയ പരിപാടി അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്തുമസ് പാപ്പായുടെ വേഷം ധരിച്ചെത്തിയ കുട്ടികൾ തങ്ങളുടെ ക്രിസ്തുമസ് സുഹൃത്തുകൾക്ക് സമ്മാനങ്ങൾ കൈമാറി. കുട്ടികളുടെ വിവിധങ്ങളായ കലാപരിപാടികൾക്ക് ശേഷം കേക്കും മധുര പലഹാരങ്ങളും വിതരണം ചെയ്തു.

ക്രിസ്തുമസ് ആഘോഷങ്ങളിൽ അംഗനവാടിയിലെ പതിനെട്ടു കുട്ടികളും അവരുടെ മാതാപിതാക്കളും എ. എൽ. എം. എസ്. സി അംഗങ്ങളും പങ്കെടുത്തു. അംഗനവാടി ഹെല്പർ മാർട്ടിന ജോസഫ് നന്ദി പറഞ്ഞു.



*ക്രിസ്തുമസ് ആഘോഷം നടത്തിയ അങ്ങാടിക്കടവ് അംഗനവാടി കുട്ടികളും അവരുടെ മാതാപിതാക്കളും.*

## അറിയിപ്പ്

### മാലിന്യമുക്ത നവകേരള പദ്ധതി

സംസ്ഥാനം മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ/അർദ്ധ സർക്കാർ, കോർപ്പറേഷനുകൾ, മിഷനുകൾ, അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ/ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യ ഓഫിസുകൾ എന്നിവിടങ്ങളിലായി ഡിസംബർ 31 ന് മുൻപായി മാലിന്യസംസ്കരണ സംവിധാനങ്ങുടെ പരിശോധനയും ഗ്രേഡിങ്ങും നടത്തപ്പെടുന്നു.

**ഉത്തരവ് വായിക്കാനായി ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക**

SCAN ME

**അങ്ങാടിപത്രത്തിന്റെ വാട്സാപ് ഗ്രൂപ്പിൽ അംഗമാവാൻ ക്യൂ ആർകോഡ് സ്കാൻ ചെയ്യുക**

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ഗീതു ബാബു | സബ് എഡിറ്റേഴ്സ്: ശ്രീക്കുട്ടി ചന്ദ്രൻ, മരിയ ജോയി, **ഡെനിൽ കൈനിക്കൽ** | ഫോട്ടോഗ്രാഫേഴ്സ്: **ഡെനിൽ കൈനിക്കൽ,** സാന്ദ്ര സ്വതന്ത്രരാജ്